വേണ്ട നടപടികളും സ്വീകരിക്കണമെന്നും. ഈ രണ്ടുകാര്യങ്ങളാണു പ്രസക്തമായി ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. മിനിമം വേജസ് അവസാനമായി തീർച്ചയാക്കിയത് 1-4-1974-ൽ ആണ്. 5 വർഷങ്ങൾക്കുശേഷം മിനിമം വേജസ് പുതുക്കണമെന്നു വ്യവസ്ഥയുണ്ട്. പക്ഷേ പല പ്രാവശ്യം പുതുക്കിയ ഒരു വ്യവസായത്തിലെ കൂലി വ്യവസ്ഥയാണ് ഇതിനകത്തുള്ളത്. ഇനിയും പുതുക്കൽ ആവശ്യമാണെങ്കിൽ അത് പുതുക്കാൻ ഗവൺമെന്റ് സത്വര നടപടിയെടുക്കുവാൻ തയ്യാറാണ്. അതേ സമയം ഈ വ്യവസായത്തിനു വന്നുകൂടിയ ദുഃസ്ഥിതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. അതുപോലെതന്നെ സോഫ്റ്റ് വുഡ് വില കൂടുതലായി. മരം കിട്ടാനില്ലാതായി. അങ്ങനെ ഒരു പ്രതിസന്ധി ഉണ്ടായിരിക്കുന്നു. ഇവിടെനിന്നും തടി തമിഴ്നാട്ടിലേക്ക് പോകുന്നു. ഈ രണ്ടു വാദഗതികളും യുക്തിക്കു നിരക്കാത്തതായിട്ടാണ് എനിക്ക് കാണാൻ സാധിക്കുന്നത്. ഒരുഭാഗത്ത് മിനിമം വേജസ് കൂട്ടണമെന്നും തടി ലഭിക്കാൻ ഇല്ലാതെ വരുന്നതുകൊണ്ട് വ്യവസായം തകർന്നു പോകുന്നു എന്നും കൂലി വർദ്ധനവുണ്ടായാൽ അത് തമിഴ്നാട്ടിലേക്ക് പോകുമെന്നും ഒരേ ശ്വാസത്തിൽ പറയുന്ന പരസ്പര വിരുദ്ധമായ പ്രസ്താവനയുടെ യുക്തി എന്താണെന്ന് എനിക്ക് മനസിലാക്കാൻ കഴിയുന്നില്ല. എന്തായാലും ഈ വക കാര്യങ്ങൾ വളരെയെറെ കാര്യമായി എടുത്ത് തെഴിലാളികൾക്ക് തൊഴിലില്ലാതാകുന്ന ഒരു അവസ്ഥ ഇല്ലാതാക്കാൻ ഈ വ്യവസായരംഗത്ത് അവർക്ക് എന്തെങ്കിലും പരിഗണന കൊടുത്ത് പ്രത്യേകം തടി കൊടുക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. അതുപോലെതന്നെ മിനിമം വേജസ് കൂട്ടിക്കൊടുക്കേണ്ടതുണ്ടോ എന്നും ആലോചിക്കാവുന്നതാണെന്നു മത്രമേ എനിക്ക് പറയാനുള്ളു.

IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 19-ാ മതു റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 19-ാ മതു റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. പ്രസ്താവന

ശ്രീ. ടി. എം. ജേക്കബ് ചെയ്ത പ്രസ്താവന പാറന്നായിൽ ഗുണ്ടാകൃത കന്യാസ്ത്രീമഠവും വിദ്യാലയവും അക്രമിച്ചതു സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: സർ, ഒരു സബ്മിഷൻ. കഴിഞ്ഞദിവസം ബീഹാറിന്റെ തലസ്ഥാനമായ പാറന്നായിൽ ഒരു സംഘം ഗുണ്ടാകൃത ഒരുകന്യാസ്ത്രീ മഠവും വിദ്യാലയവും ആക്രമിക്കുകയും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി 10 വയസ്സിനു താഴെയുള്ള 7 പെൺകുട്ടികളും പാടക്കമുള്ള ആളുകളും ഗുരുതരമായ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരിക്കുകയുമാണ്. അവിടെ പോലീസിന്റെ ഭാഗത്തുനിന്നും സംരക്ഷണം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. കഴിഞ്ഞദിവസം ബസ്തിയിലുണ്ടായ സംഭവത്തെ സംബന്ധിച്ച് മനോരമ റിപ്പോർട്ടു ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനത്തുനിന്നു പോയിട്ടുള്ള മലയാളികൾക്കും ന്യൂനപക്ഷസമുദായങ്ങളും നടത്തുന്ന സ്ഥാപനങ്ങൾക്കും സംരക്ഷണം കൊടുക്കാനുള്ള നടപടി സ്വീകരിക്കുവാൻ ഗവൺമെൻറ് മറ്റു ഗവൺമെൻറുകളുമായി ആലോചിക്കുകയും അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണം. ഇത് വളരെ ഗുരുതരമായ പ്രശ്നമെന്ന നിലയിൽ കണക്കിലെടുത്തുകൊണ്ട് അതിനുവേണ്ടി എന്തുനടപടി ഗവൺമെൻറു സ്വീകരിച്ചു. ബീഹാർ ഗവൺമെൻറുമായി ബന്ധപ്പെടുകയെ നിരീക്ഷിക്കുകയോ ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കിയാൽ കൊള്ളാം. ഇല്ലെങ്കിൽ അടിയന്തിരമായും വേണ്ട നടപടികളും സ്വീകരിക്കണമെന്നു ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, പത്രവാർത്തകളും കണ്ടു എന്നുള്ളതിൽ കവിഞ്ഞ് ഇതിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങളൊന്നും ഗവൺമെൻറിനില്ല. മറ്റൊരു സംസ്ഥാനത്തു നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് പരിമിതമായ ചില കാര്യങ്ങളും മാത്രമേ നമുക്കു ചെയ്യാൻകഴിയൂ. മലയാളികളെ ബാധിക്കുന്ന ഈ പ്രശ്നങ്ങളിൽ തീർച്ചയായും നമുക്കുവലിയ താൽപ്പര്യമുണ്ട്. യു. പി. യിൽ നടന്ന സംഭവത്തെ സംബന്ധിച്ച് ഞാൻ അവിടത്തെ മുഖ്യമന്ത്രിക്കു എഴുതുകയുണ്ടായി. അതിനു മറുപടിയൊന്നും കിട്ടിയിട്ടില്ല. ഇതിൽ മലയാളികളും ഉൾപ്പെട്ടിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. മറ്റൊരു വലിയപ്രശ്നമാണ് മതന്യൂനപക്ഷങ്ങളെസംബന്ധിച്ച പ്രശ്നം. ഇക്കാര്യത്തിലും ഈ ഗവൺമെൻറിന്റെ നിലപാടു വളരെ വ്യക്തമാണ്. എന്നാൽ മറ്റൊരു സംസ്ഥാനത്തു നടക്കുന്ന ഒരു നിയമസമാധാനപ്രശ്നമെന്ന നിലയിൽ നമുക്ക് ഇതിനകത്തു കാര്യമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന നിർഭാഗ്യകരമായ ഒരു സ്ഥിതിയുണ്ട്. എതായാലും ഈ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നമ്മുടെ ആരെങ്കിലും ഇതിനകത്തു ഉൾപ്പെട്ടിട്ടുണ്ടോ എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് തീർച്ചയായും അന്വേഷിക്കുന്നതാണ്.

VI. ചരമോപചാരം

മുൻപാകിസ്ഥാൻ പ്രധാനമന്ത്രി ഇസഡ്. എ. ഭൂട്ടോയുടെ വധം

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സബ്മിഷൻ. ഇന്നലെ ലോകമനസ്സാക്ഷിയെ ആകെ ഞെട്ടിപ്പിച്ച ഏറ്റവും ദാരുണമായ ഒരു സംഭവമായിരുന്നു പാക്കിസ്ഥാനിലെ മുൻ പ്രധാനമന്ത്രി ഭൂട്ടോയുടെ വധശിക്ഷ. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവം ലോകരാഷ്ട്രങ്ങളും മുഴുവൻതന്നെ വളരെ ഉത്കണ്ഠയോടുകൂടി വീക്ഷിക്കുകയും ഈ ക്രൂരമായ നടപടി 'അരുത്' എന്ന് പാകിസ്ഥാന്റെ പട്ടാളമേധാവിയോട് ഉപദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. വന്ദ്യനായ പോപ്പ് വരെ ദയയോടുകൂടി ഈ പ്രശ്നത്തെ കാണണമെന്നു അഭ്യർത്ഥിച്ചിട്ടും, ലോകത്തിലെ

LIBRARY ARCHIVES Kerala Legislative Assembly